# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 9 11.06.2012 ൽ മറുപടിക്ക്**

## <u>പെട്രോൾ വിലവർദ്ധന</u>

**<u>ചോദ്യം</u>**

**ശ്രീ. കെ.കെ. നാരായണൻ**
**ഡോ. ടി.എം. തോമസ് ഐസക്**
**ശ്രീ. വി. ശിവൻകുട്ടി**
**ശ്രീ. കെ. സുരേഷ് കുറുപ്പ്**

**<u>ഉത്തരം</u>**

**ശ്രീ. ഉമ്മൻ ചാണ്ടി**
**ബഹു. മുഖ്യമന്ത്രി**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ.) | പെട്രോൾ വിലവർദ്ധന, പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ജീവിതത്തെ എങ്ങനെയെല്ലാം ബാധിച്ചു എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | പെട്രോൾ വിലവർദ്ധന പാവപ്പെട്ടവരുടെയും, സാധാരണക്കാരുടെയും ജീവിതത്തെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്. വിലവർദ്ധനവ് മൂലം സധാരണ ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി വർദ്ധിപ്പിച്ച വിലയിന്മേലുള്ള സംസ്ഥാനത്തിന്റെ വിൽപന നികുതി വേണ്ടെന്ന് വെച്ചു. |
| (ബി.) | സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലയിലും സേവനമേഖലകളിലും ആയത് ഉളവാക്കിയ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | |
| (സി.) | വില നിയന്ത്രണം കേന്ദ്രസർക്കാർ എടുത്തുകളഞ്ഞത് മൂലം വില നിർബാധം വർദ്ധിപ്പിക്കുന്ന സ്ഥിതിവിശേഷം ഉളവായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്പോഴത്തെ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം ഇവയുടെ വില എത്ര തവണ എത്ര രൂപ വീതം വർധിപ്പിക്കുകയുണ്ടായി ? | വിലനിയന്ത്രണം എടുത്തുകളഞ്ഞതുകൊണ്ട് വില വർദ്ധിക്കാനും കുറയാനും സാദ്ധ്യതയുണ്ട്. എന്നാൽ 80 ശതമാനത്തിൽ കൂടുതൽ എണ്ണ, ഇന്ത്യ വിദേശരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സാഹചര്യത്തിൽ അസംസ്കൃത എണ്ണയ്ക്ക് അന്താരാഷ്ട്ര വിലയിൽ വന്ന വർദ്ധനവ്, രൂപയുടെ മൂല്യത്തിൽ വന്ന ശോഷണം എന്നീ കാരണങ്ങൾകൊണ്ടാണ് എണ്ണ കമ്പനികൾ കൂടുതലും വില വർദ്ധനവ് നടത്തിയിട്ടുള്ളത്. ഇപ്പോഴത്തെ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവകളുടെ വിലവ്യതിയാന വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| പെട്രോളിയം ഉൽപന്നങ്ങളുടെ വില വർദ്ധന/ കുറവ് സംബന്ധിച്ച വിവരം | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം | വർദ്ധിപ്പിച്ച / കുറവ് ചെയ്ത തീയതി | പെട്രോൾ | | ഡീസൽ | | പാചക വാതകം | മണ്ണെണ്ണ |
| | | വിലയിൽ വന്ന വർദ്ധനവ് | വിലയിൽ വന്ന കുറവ് | വിലയിൽ വന്ന വർദ്ധനവ് | വിലയിൽ വന്ന കുറവ് | വിലയിൽ വന്ന വർദ്ധനവ് | വിലയിൽ വന്ന വർദ്ധനവ് |
| 1 | 01.07.2009 | | | | | 1.46 | |
| 2 | 02.07.2009 | 4.32 | | | | | |
| 3 | 07.07.2009 | | | 2.23 | | | |
| 4 | 27.10.2009 | 0.07 | | 0.04 | | | |
| 5 | 27.02.2010 | 2.92 | | 2.83 | | | |
| 6 | 26.06.2010 | 3.77 | | 2.09 | | 36.41 | 2.86 |
| 7 | 08.09.2010 | 0.10 | | 0.08 | | | |
| 8 | 15/09/2010 | | | 0.23 | | | |
| 9 | 16.09.2010 | 0.29 | | | | | |
| 10 | 22.09.2010 | 0.30 | | | | | |
| 11 | 07.10.2010 | 0.76 | | | | | |
| 12 | 17.10.2010 | 0.08 | | | | | |
| 13 | 02.11.2010 | | | 0.02 | | | |
| 14 | 08.11.2010 | 0.28 | | | | | |
| 15 | 15.12.2010 | 3.17 | | | | | |
| 16 | 06.01.2011 | 2.74 | | | | | |
| 17 | 15.05.2011 | 5.12 | | | | | |
| 18 | 25.06.2011 | | | 3.47 | | 52.01 | 2.14 |
| 19 | 29.06.2011 | | | | 0.76 | | |
| 20 | 01.07.2011 | 0.28 | | 0.20 | | 3.98 | |
| 21 | 16.09.2011 | 3.36 | | | | | |
| 22 | 03.11.2011 | 1.82 | | | | | |
| 23 | 16.11.2011 | | 1.85 | | | | |
| 24 | 17.11.2011 | 0.37 | | | | | |
| 25 | 01.12.2011 | | 0.98 | | | | |
| 26 | 01.04.2012 | | | | | 4.00 | |
| 27 | 24.05.2012 | 7.92 | | | | | |
| 28 | 03.06.2012 | | 1.68 | | | | |

സെക്ഷൻ ഓഫീസർ